## കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ ദുസ്സൂചനകൾ

# പ്രവാസി നിക്ഷേപം കുറയുന്നു; ബാങ്കുകൾ കൈവിട്ടുപോകുന്നു

ഡോ. സെബാസ്റ്റ്യൻ സി. ചിറ്റിലപ്പിള്ളി

കേരളത്തിന്റെ സാമ്പത്തിക രംഗത്ത് സമൂലമായ ചില മാറ്റങ്ങൾ സംഭവിക്കുന്നതിന് പര്യാപ്തമായ ചലനങ്ങൾ ദേശീയ തലത്തിൽ സംഭവിച്ചുകൊണ്ടിരിയാണ്. ദു:ഖകരമായ കാര്യം അവ കേരളത്തിന് അനുകൂലമായ മാറ്റങ്ങളല്ല എന്നതാണ്. അതിലേറെ ഖേദകരമായിട്ടുള്ളത് ഈ നീക്കങ്ങളുടെ ഭാവി പ്രത്യാഘാതങ്ങൾ വിലയിരുത്തി ശരിയായ പ്രതികരണം തക്കസമയത്ത് രൂപപ്പെടുത്തുന്നതിൽ രാഷ്ട്രീയക്കാരും മുഖ്യധാരാ പത്രങ്ങളും മുൻകൈ എടുക്കുന്നില്ലെന്നതാണ്.



### സ്വകാര്യ ബാങ്കുകളുടെ ഉടമാവകാശം

ആദ്യം നല്ല വാർത്ത പങ്കിടാം. കഴിഞ്ഞ ജൂലായ് 2 ന് റിസർവ് ബാങ്ക് ഒരു നയരേഖ പുറത്തിറക്കി. അതിലെ നിർദ്ദേശപ്രകാരം ഒരു വ്യക്തിയോ സ്ഥാപനമോ തമ്മിൽബന്ധമുള്ള അത്തരം ഒരു ഗ്രൂപ്പോ ഒരു സ്വകാര്യ ബാങ്കിന്റെ അടഞ്ഞു തീർന്ന മൂലധനത്തിന്റെ പത്തു ശതമാനത്തിൽ കൂടുതൽ കൈവശമാക്കി ഓഹരിയുടമസ്ഥതയോ നിയന്ത്രണമോ നേടാൻ പാടുള്ളതല്ല. ഒരു സ്വകാര്യ ബാങ്കിന് മറ്റൊരു സ്വകാര്യബാങ്കിൽ അഞ്ചു ശതമാനം ഓഹരിയുടമസ്ഥത മാത്രമേ നയരേഖ അനുവദിക്കുന്നുള്ളൂ. വിദേശ ബാങ്കായാലും അങ്ങനെ തന്നെ.

നേരിട്ടുള്ള വിദേശ നിക്ഷേപമുപയോഗിച്ച് സ്വകാര്യ ബാങ്കുകളിൽ ഇപ്പോൾ 74 ശതമാനം വരെ ഓഹരികൾ കൈവശപ്പെടുത്താം. മുൻകേന്ദ്ര സർക്കാരിന്റെ കാലത്താണ് ഇത് 49 ശതമാനത്തിൽ നിന്നുയർത്തിയത്. സ്വകാര്യ ബാങ്കുകളുടെ ഓഹരി വിന്യാസത്തിൽ പരപ്പ് കൈവരുത്തുന്നതിന് ഈ നയരേഖയിലെ നിർദ്ദേശങ്ങൾ സഹായിക്കും. അതാകട്ടെ ബാങ്കുകളുടെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കും.

### കേന്ദ്ര സർക്കാരിന്റെ നീക്കങ്ങൾ

എന്നാൽ ഈയിടെ റിസർവ് ബാങ്കിന്റെ നയരേഖയുടെ അന്ത:സത്തയ്ക്ക് കടകവിരുദ്ധമായ രീതിയിലാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുള്ള നീക്കങ്ങൾ കാണുന്നത്. ഓഹരിയുടമസ്ഥത എത്രയായിരുന്നാലും ഉടമയ്ക്ക് ബാങ്കിന്റെ മൂലധനത്തിന്റെ പത്തു ശതമാനം മൂല്യത്തിന് ആനുപാതികമായ വോട്ടവകാശം മാത്രമെ നിലവിലുള്ള നിയമം അനുവദിക്കുന്നുള്ളൂ. പ്രമുഖ ഓഹരി ഗ്രൂപ്പുകൾക്ക് ബാങ്കുകളുടെ നിയന്ത്രണത്തിൽ അനായാസമായ ആധിപത്യം ഇല്ലാതിരിക്കാനാണ് നിയമത്തിന്റെ വിവക്ഷ.

എന്നാലിന്ന് സ്വകാര്യ ബാങ്കിംഗ് മേഖലയിൽ കൂടുതൽ വിദേശ നിക്ഷേപം കടന്നുവരുന്നതിന് തടസ്സമാകുന്നു എന്നാണ് ഇപ്പോൾ പറയുന്നത്. അതുകൊണ്ട് ഈ വോട്ടവകാശ പരിധി ഉയർത്തുകയോ എടുത്തുകളയുകയോ ചെയ്യുന്നതിനാണ് സർക്കാർ നീക്കങ്ങൾ നടത്തുന്നത്. ഈ നീക്കം ധനമന്ത്രിയുടെ അവസാന വാക്കിന് കാത്തിരിക്കുന്ന ഘട്ടം വരെയെത്തിയെന്നാണ് റിപ്പോർട്ട്.

### വൈരുദ്ധ്യം

തൊമ്മൻ അഴിയുമ്പോൾ ചാണ്ടി മുറുകുന്ന ചിത്രമാണ് നമുക്കിവിടെ ലഭിക്കുക. ഒരു ഭാഗത്ത് സ്വകാര്യ ബാങ്കുകളിൽ മൂലധനത്തിന്റെ പത്തു ശതമാനം വോട്ടവകാശ പരിധിയെന്ന നിലവിലുള്ള സർക്കാർ നിയമത്തിനിണങ്ങുന്ന രീതിയിൽ പത്തു ശതമാനത്തിലേക്കും ഓഹരിയുടമാവകാശത്തെ ചുരുക്കിക്കൊണ്ടുവരാൻ റിസർവ് ബാങ്ക് നീക്കം തുടങ്ങിയപ്പോൾ അതേസമയത്തു തന്നെ എതിർദിശയിൽ വോട്ടവകാശ പരിധി ഉയർത്തുന്നതിനുള്ള നീക്കങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്ന് വരുന്നത് അത്ഭുതമുളവാക്കുന്നു.

ആഗോളവത്കരണത്തിന്റെ ഭാഗമായി പ്രമുഖ ഓഹരി ഗ്രൂപ്പുകൾ സ്വകാര്യ ബാങ്കുകൾ പിടിച്ചടക്കി ഊറ്റിയെടുക്കാൻ തുടങ്ങിയത് കേരളീയർ കുറച്ചുകാലമായി കണ്ടുകൊണ്ടിരിക്കുകയാണ്. ഒരു സ്വകാര്യ ഗ്രൂപ്പ് നിയന്ത്രണം ഏറ്റെടുത്തപ്പോൾ നെടുങ്ങാടി ബാങ്ക് എത്ര പെട്ടെന്നാണ് തകർന്നത് എന്ന് നാം കണ്ടതാണ്. ബിനാമി ഗ്രൂപ്പുകൾക്ക് പണമൊഴുക്കിക്കൊടുത്ത് ആ ബാങ്ക് പതനം ഏറ്റുവാങ്ങിയത് തകർച്ചയ്ക്കു ശേഷം മുഖ്യധാരാപത്രങ്ങളിൽ തുടർക്കഥയായിരുന്നു. കേരളത്തിലെ മറ്റു സ്വകാര്യബാങ്കുകളും പ്രമുഖ ഓഹരി ഗ്രൂപ്പുകളുടെ സ്വാധീനത്തിൽ മുംബൈ പോലുള്ള നഗരങ്ങളിലൂടെ യാത്ര ചെയ്യുമ്പോൾ ഭീകരമായ സൂചനകൾ തരുന്നു. ദേശീയ തലത്തിൽ ഗ്ലോബൽ ട്രസ്റ്റ് ബാങ്ക് പ്രമുഖ ഓഹരി ഗ്രൂപ്പുകളുടെ നിയന്ത്രണത്തിൽ ദൂഷ്യഫലങ്ങൾക്കുള്ള പുത്തൻ ഉദാഹരണമാണ്. ചൂഷണം ചെയ്ത് ബാങ്ക് തൊണ്ടാവുമ്പോൾ സർക്കാർ രക്ഷക്കെത്തുമെന്ന് ഒരിക്കൽ കൂടി തെളിയിച്ചത് പ്രമുഖ ഗ്രൂപ്പുകൾക്ക് ധൈര്യം പകർന്നിട്ടുണ്ടാവും.

അല്ലെങ്കിൽ തന്നെ, ചെറുകിടക്കാരനിൽ നിന്നും കർഷകനിൽ നിന്നും മുഖം തിരിക്കുന്ന ബാങ്കിംഗ് മേഖലയിൽ നിന്ന് സാമൂഹ്യ പ്രതിബദ്ധതയുടെ ഉള്ള ഓജസ്സു കൂടി ചോർത്താൻ ഒരുമ്പെടുന്ന പ്രമുഖ ഓഹരി ഗ്രൂപ്പുകൾക്ക് വളം വെക്കുന്ന സർക്കാർ നീക്കങ്ങൾ ചെറുക്കപ്പെടേണ്ടതാണ്.

## വിദേശ നിക്ഷേപത്തിന്റെ പലിശയ്ക്ക് നികുതി

കേരളത്തെ സമൂലമായി ബാധിച്ചേക്കാവുന്ന മറ്റൊരു വിഷയം വലിയ പ്രതികരണം ഉളവാക്കാതെ മുന്നേറുകയാണ്. കേന്ദ്ര ബജറ്റിൽ വിദേശ നിക്ഷേപത്തിന്റെ പലിശയ്ക്ക് നികുതി ഏർപ്പെടുത്തിയിരിക്കുകയാണ്. ഇത് മറ്റേതു സംസ്ഥാനത്തേക്കാളും വളരെ കൂടുതലായി ബാധിക്കുന്നത് കേരളത്തെയാണ്.

ഇന്ത്യയൊട്ടാകെ കഴിഞ്ഞ വർഷം പ്രവാസികളയച്ച പണം 55000 കോടി രൂപയാണെങ്കിൽ അതിൽ മലയാളിയുടെ മാത്രം വിഹിതം 20000 കോടിയോളമാണ്. ക്രോഡീകരിച്ച റിസർവ് ബാങ്കിന്റെ കണക്കനുസരിച്ച് മിക്ക സംസ്ഥാനങ്ങളിലും വിദേശനിക്ഷേപം മൊത്തം ബാങ്കുനിക്ഷേപത്തിന്റെ 5 ശതമാനത്തിലും താഴെയാണെങ്കിൽ കേരളത്തിലത് 41.9 ശതമാനമാണ്.

വിദേശ നിക്ഷേപത്തിലുള്ള പലിശനിരക്കാകട്ടെ താഴോട്ട് വന്ന് 3 ശതമാനത്തിനു താഴെയെത്തി. പണപ്പെരുപ്പം കുതിച്ചുയർന്ന് 7.52 ശതമാനമായി. അപ്പോൾ യഥാർത്ഥ പലിശ നിരക്ക് - 4.52 ശതമാനമായെന്നർത്ഥം. ഇതുകൊണ്ടാണ് മുൻ റിസർവ് ബാങ്ക് ഗവർണർ ഡോ. സി. രംഗരാജൻ യഥാർത്ഥ പലിശ നിരക്ക് ഒരു രാജ്യത്ത് കുറഞ്ഞപക്ഷം പൂജ്യം ശതമാനമെങ്കിലും ആകണം എന്നു പറഞ്ഞത്. മാത്രമല്ല ഏഴ്-എട്ട് ശതമാനം വളർച്ചാനിരക്ക് ആഗ്രഹിക്കുന്ന രാജ്യത്ത് യഥാർത്ഥ പലിശ നിരക്ക് രണ്ടര-മൂന്ന് ശതമാനമായിരിക്കണമെന്നും കൂട്ടിച്ചേർത്തു. നിലംതൊട്ട് താഴോട്ടുപോയ പലിശനിരക്കിനു പുറമെയാണ് അതിന്മേൽ ഇപ്പോൾ നികുതി ചുമത്തപ്പെടാൻ പോകുന്നത്.

ഇത് കേരളത്തെ മാത്രം പ്രധാനമായി ബാധിക്കുന്ന പ്രശ്നമാണ്. എന്നാൽ കേരളത്തിലെ പ്രവാസി കേവലം ശരാശരിക്കാരനാണ്. അവന്റെ ശരാശരി വാർഷിക വരുമാനം 120000 രൂപ മാത്രമാണ്. ശരാശരി കവറും 6 കൊല്ലവും 3 മാസമാണവർ വിദേശത്തു ചെലവഴിക്കുന്നത്. ശരാശരി 42 വയസ്സിൽ കഷ്ടപ്പാടുകൾ കഴിച്ച് തിരിച്ചു വരുന്ന അവന് സർക്കാരിന്റെയോ ബാങ്കുകളുടെയോ ഉദാരമായ സഹായങ്ങളൊന്നും തന്നെയില്ല.

എന്നാൽ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പന്നത്തിന്റെ 22 ശതമാനം അവനയയ്ക്കുന്ന പണമാണ്. ചുരുക്കത്തിൽ കടമെടുത്ത് മുടിഞ്ഞുകൊണ്ടിരിക്കുന്ന സംസ്ഥാനത്തിന്റെ മുഖ്യ അന്നദാതാവ് അവനാണ്. കേരളത്തിന് കശുവണ്ടി കയറ്റുമതിയിൽ നിന്നുകിട്ടുന്ന വിദേശ വരുമാനത്തേക്കാൾ 15 ഇരട്ടിയാണവന്റെ സംഭാവന.

കുതിരയെ കുളംവരെ കൊണ്ടുവരാം. പക്ഷെ കുടിപ്പിക്കാനാവില്ലല്ലോ. അവന്റെ നികുതിയോടുള്ള പ്രതികരണം അയയ്ക്കുന്ന പണത്തിൽ കാര്യമായ കുറവു വരുത്തിയാൽ കേരളം നട്ടം തിരിഞ്ഞതു തന്നെയാണ്. കേരളീയർ അതിവേഗം തീക്ഷ്ണമായി നികുതി നിർദ്ദേശത്തിനെതിരെ പ്രതികരിക്കേണ്ടതാണ്.


കേരളീയം

# സാമ്പത്തിക പതിപ്പ് – 1

## ബാങ്കിങ്ങ്/ധനകാര്യ സ്ഥാപനങ്ങൾ

സംസ്കാരത്തിനും വികാസത്തിനുമിടയിൽ കരുത്തുറ്റ കണ്ണിയാണ് സാമ്പത്തിക സ്ഥാപനങ്ങൾ. കുറിക്കമ്പനികൾ തുടങ്ങി സഹകരണ മേഖലതൊട്ട് പഴയതും പുതിയതുമായ തലമുറകളിലെ സ്വകാര്യബാങ്കുകളിലൂടെ കടന്നുവന്ന പൊതുമേഖലാ ബാങ്കുകൾ പിന്നിട്ട് സംസ്ഥാന തലത്തിലും ദേശീയതലത്തിലുമുള്ള സാമ്പത്തിക സ്ഥാപനങ്ങൾ വരെയെത്തുമ്പോൾ കേരളത്തിന്റെ സാമ്പത്തിക വിനിമയത്തിന്റെയും വികാസത്തിന്റെയും ഏകദേശരൂപം വ്യക്തമാകും. ആഗോളവൽക്കരണത്തിന്റെ അലയടികൾ ഈ സ്ഥാപനങ്ങളിൽ ഘടനാപരമായിപ്പോലും മാറ്റങ്ങൾ രൂപപ്പെടുത്തിക്കൊണ്ടിരിക്കയാണ്. കേവലം അനിവാര്യതയെന്ന പോലെ മലയാളി ഈ മാറ്റങ്ങൾ ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്നു.



കേരളത്തിന്റെ സാമ്പത്തിക രംഗത്തെ മാറ്റങ്ങളെ വിശ്ലേഷണം ചെയ്ത് ഇടനിലക്കാരായ സാമ്പത്തിക സ്ഥാപനങ്ങളെ വിലയിരുത്തി നമുക്കെന്തു സംഭവിക്കുന്നു എന്നന്വേഷിക്കാനായി കേരളീയം ഒരു സാമ്പത്തിക പതിപ്പ് രൂപകല്പന ചെയ്യുകയാണ്. സാമ്പത്തിക സ്ഥാപനങ്ങളുടെ സാരഥികളും നിക്ഷേപകരും വായ്പക്കാരും വ്യാപാരികളും വ്യവസായികളും കൃഷിക്കാരും മുതലാളികളും തൊഴിലാളികളുമൊക്കെ ഈ പതിപ്പിലൂടെ സംസാരിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. വെളിച്ചമേറ്റ് തഴച്ചുവളരുന്ന വൻമരങ്ങൾക്കൊപ്പം തന്നെ വെളിച്ചമേല്ക്കാതെ വളർച്ചമുരടിച്ചുനില്ക്കുന്ന തളിർച്ചെടികളും ഞങ്ങൾക്കുപ്രധാനമാകയാൽ കേരളീയത്തിന്റെ സാമ്പത്തിക പതിപ്പിലേക്ക് ഉപയോഗപ്രദമാണെന്ന് കരുതുന്ന അഭിപ്രായങ്ങളും ആശയങ്ങളും വിവരങ്ങളും വിശേഷങ്ങളും ആഗസ്റ്റ് 28 നകം അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

സൂചകങ്ങളായ ചില വിഷയങ്ങൾ ഞങ്ങൾ നിർദ്ദേശിക്കട്ടെ.

1. ഇന്ത്യയിലെ ബാങ്കിംഗ് മേഖലയിൽ കേരളത്തിന്റെ നില
2. കേരളത്തിന്റെ സ്വകാര്യ ബാങ്കുകൾ എങ്ങോട്ട്
3. സഹകരണ ബാങ്കുകളുടെയും സ്ഥാപനങ്ങളുടെയും ഗതിയെന്ത്
4. കുറിക്കമ്പനികളുടെ നിലനില്പ്
5. വികസന ധനകാര്യസ്ഥാപനങ്ങളും കേരളവും
6. പലിശ നിരക്കുകളിലെ മാറ്റങ്ങൾ കേരളത്തെ എങ്ങനെ ബാധിക്കുന്നു
7. ചെറുകിട വായ്പകൾ കേരളത്തിൽ
8. സമാന്തര ബാങ്കിംഗ് പരീക്ഷണങ്ങൾ
9. ബാങ്കിംഗ് ഇതര ധനകാര്യസ്ഥാപനങ്ങൾ കേരളത്തിൽ
10. കേരളത്തിലെ വായ്പാനിക്ഷേപ തോത്
11. പ്രവാസി നിക്ഷേപത്തിന്റെ ഭാവി കേരളത്തിൽ

ഗസ്റ്റ് എഡിറ്റർ : ഡോ. സെബാസ്റ്റ്യൻ ചിറ്റിലപ്പിള്ളി

അയക്കേണ്ട മേൽവിലാസം : ഗസ്റ്റ് എഡിറ്റർ, സാമ്പത്തിക പതിപ്പ്, C/o. കേരളീയം, കൊക്കാലെ, തൃശൂർ-21. ഫോൺ : 9447126032, 0487-2421385, ഫാക്സ് : 0487 2332032, e-mail : sebastinecc@sancharnet.in